

യൂണിറ്റ് 7

# തൊടുവരകൾ






## ഓർത്തിരിക്കാൻ....

- ഒരു വൃത്തത്തിലെ ഒരു ബിന്ദവിലൂടെയുള്ള തൊടുവര, ആ ബിന്ദുവിലൂടെയുള്ള വ്യാസത്തിന് ലംബമാണ്.




$AB \perp PQ$

- ഒരു വൃത്തത്തിന്റെ കേന്ദ്രവും അതിലെ രണ്ട് ബിന്ദുക്കളും, ഈ ബിന്ദുക്കളിലൂടെയുള്ള തൊടുവരകൾ കൂട്ടിമുട്ടുന്ന ബിന്ദുവും മൂലകളായ ചതുർഭുജം ചക്രീയമാണ്.




ചതുർഭുജം PAOB ഒരു ചക്രീയചതുർഭുജം

$\angle AOB + \angle P = 180°$

- ഒരു വൃത്തത്തിലെ രണ്ട് ബിന്ദുക്കളിലൂടെയുള്ള ആരങ്ങൾ ചേരുന്ന കോണും, ഈ ബിന്ദുക്കളിലെ തൊടുവരകൾ ചേരുന്ന കോണും അനുപൂരകങ്ങളാണ്.
- വൃത്തത്തിലെ ഒരു ഞാണിന്റെ രണ്ടറ്റങ്ങളിലൂടെയുള്ള തൊടുവരകൾ ഞാണുമായുണ്ടാക്കുന്ന കോൺ, ഞാണിന്റെ കേന്ദ്രകോണിന്റെ പകുതിയാണ്. കൂടാതെ, ഞാണും തൊടുവരയും നിർണ്ണയിക്കുന്ന കോൺ, ഞാണിന്റെ മറുവശത്തുള്ള വൃത്തഭാഗത്ത് ഉണ്ടാകുന്ന കോണിന് തുല്യമാണ്.






- വൃത്തത്തിന് പുറത്തുള്ള ഒരു ബിന്ദുവിൽ നിന്ന് വൃത്തത്തിലേയ്ക്ക് രണ്ട് തൊടുവരകൾ വരയ്ക്കാം. അവ തുല്യനീളം ഉള്ളവയാണ്.




PA = PB

- ഒരു വൃത്തത്തിലെ നാല് ബിന്ദുക്കളിലൂടെയുള്ള തൊടുവരകൾ ചേർന്നുണ്ടാകുന്ന ചതുർഭുജത്തിന്റെ എതിർവശങ്ങളുടെ തുക തുല്യമാണെങ്കിൽ ആ നാല് വശങ്ങളും തൊടുവരകളാകുന്ന ഒരു വൃത്തം വരയ്ക്കാൻ സാധിക്കും.




AB + CD = AD + BC

- ഏത് ത്രികോണത്തിലും കോണുകളുടെ സമഭാജികളെല്ലാം ഒരു ബിന്ദുവിൽ കൂട്ടിമുട്ടുന്നു. ഈ ബിന്ദു കേന്ദ്രമാക്കി ത്രികോണത്തിന്റെ മൂന്നുവശങ്ങളേയും തൊടുന്ന വൃത്തം വരയ്ക്കാം. ഈ വൃത്തത്തെ ത്രികോണത്തിന്റെ അന്തർവൃത്തം എന്നു പറയുന്നു. കേന്ദ്രത്തിൽ നിന്ന് വശങ്ങളിലേക്കുള്ള ലംബദൂരമാണ് ആരം.



- ഒരു ത്രികോണത്തിന്റെ അന്തർവൃത്തത്തിന്റെ ആരം, ത്രികോണത്തിന്റെ പരപ്പളവിനെ ചുറ്റളവിന്റെ പകുതി കൊണ്ട് ഹരിച്ചതാണ്.

$$r = \frac{A}{S}$$

**A** = ത്രികോണത്തിന്റെ പരപ്പളവ്

**S** = ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതി

## വർക്ക്ഷീറ്റ് - 1

ചിത്രത്തിൽ BC വൃത്തത്തിന്റെ തൊടുവരയാണ്. വൃത്തത്തിന്റെ ആരം 5 സെന്റിമീറ്ററും AB യുടെ നീളം 13 സെന്റിമീറ്ററുമാണ്. തൊടുവരയുടെ നീളം കാണുക.




ABC = ഒരു മട്ടത്രികോണമാണ്.

AC = 5സെ.മീ

AB = 13സെ.മീ

$BC = \sqrt{\square^2 - \square^2}$

$= \sqrt{\square - \square} = \sqrt{\square} = \square$സെ.മീ

## വർക്ക്ഷീറ്റ് - 2

ചിത്രത്തിൽ 'O' വൃത്തകേന്ദ്രവും PQ തൊടുവരയുമാണ്. PQവിന്റെ നീളം കണക്കാക്കുക.




OPQ ഒരു മട്ടത്രികോണമാണ്.

OP = 3cm

$\angle O = 60°$

$\angle P = 90°$

$\angle Q = 30°$

ത്രികോണത്തിലെ വശങ്ങളുടെ അംശബന്ധം ___________

അപ്പോൾ OQ = $\square$ സെ.മീ

PQ = $\square$ സെ.മീ

## വർക്ക്ഷീറ്റ് - 3

ചിത്രത്തിൽ $\Delta$ABC യിലെ എല്ലാം കോണുകളും കണ്ടുപിടിക്കുക.




$\angle ROQ = 130°$

$\angle ROP = 105°$

$\angle ROQ + \angle C = 180°$

$\angle C = \square°$

$\angle ROP + \angle A = 180°$

$\therefore \angle A = \square$

$\angle POQ = \square$

$\angle POQ + \angle B = 180°$

$\angle B = \square$

**വർക്ക്ഷീറ്റ് - 4**

ചിത്രത്തിൽ $\Delta ABC$ യിലെയും $\Delta PQR$ ലേയും എല്ലാ കോണളവുകളും കണ്ടുപിടിക്കുക.




$\angle PAC = 50°$

$\angle PCA = \square°$

$\therefore \angle P = \square°$

$\angle ABR = 60°$

$\angle BAR = \square°$

$\angle R = \square°$

$\angle Q = \square°$

$\angle PAC = 50°$

$\angle RAB = 60^0$

$\angle ACB = \angle ABR = \square$

$\angle ABC = \angle PAC = \square$

$\therefore \angle BAC = 180 - (\square + \square)$

$= \square$

**വർക്ക്ഷീറ്റ് - 5**

ചിത്രത്തിൽ $\Delta PQR$ ന്റെ പരിവൃത്തം $\Delta XYZ$ ന്റെ അന്തർവൃത്തമാണ്. $\Delta PQR$ ന്റേയും $\Delta XYZ$ ന്റേയും എല്ലാം കോണുകളും കണ്ടുപിടിക്കുക.

$\angle X = 60^0$

$\angle Y = 70$

$\angle Z = \square°$

$\angle X + \angle XPR + \angle XRP = 180°$

$\angle XPR = \angle XRP$

$60 + \angle XPR + \angle XRP = 180°$

$\angle XPR + \angle XRP = 180 - \square = \square$

$\angle XPR = \square°$

$\angle XRP = \square°$




$\angle Y + \angle YRQ + \angle YQR = 180°$

$\angle YRQ = \angle YQR$

$70 + \angle YRQ + \angle YQR = 180^\circ$

$\angle YRQ + \angle YQR = 180 - \square - \square$

$\angle YRQ = \square$

$\angle YQR = \square$

$\angle RPQ = \angle YRQ = \square$

$\angle PQR = \angle XRP = \square$

$\angle PRQ = 180 - [\square + \square] = \square$

$\angle Z = 180 - [\square + \square] = \square$

**വർക്ക്ഷീറ്റ് - 6**

ചിത്രത്തിൽ 'O' വൃത്തകേന്ദ്രവും OA വ്യാസമായ അർദ്ധവൃത്തത്തിലെ ഒരു ബിന്ദു 'C' യും Bയിലെ തൊടുവര BCയും ആകുന്നു. OB = 1സെ.മീ, AB = 3സെ.മീ. ആയാൽ BC. എത്ര? $\Delta$OBC യുടെ കോണളവുകൾ എഴുതുക ?

$OB \times AB = BC^2$




$\square \times \square = BC^2$

$BC^2 = \square$

$BC = \square$

OB =1 സെ.മീ . AB =3സെ.മീ BC = $\square$സെ.മീ, OC = $\square$സെ.മീ $\Delta$OBC കോണളവുകൾ = $\square$. $\angle O = \square^\circ$, $\angle B = \square^\circ$ , $\angle C = \square^\circ$

**വർക്ക്ഷീറ്റ് - 7**

'O' കേന്ദ്രമായ വൃത്തത്തിലെ സമാന്തരമായ രണ്ട് തൊടുവരകളാണ് AB, CD ഇവ ഇതേ വൃത്തത്തിന്റെ മറ്റൊരു തൊടുവരയാണ് PQ. $\Delta$OPQ ഒരു മട്ടത്രികോണമണെന്ന് തെളിയിക്കുക.




AB, CD എന്നിവയും PQ വും വൃത്തത്തിന്റെ തൊടുവരകളാണ്. അതിനാൽ PO, QO എന്നിവ യഥാക്രമം of $\angle BPQ$, $\angle DQP$ എന്നിവയുടെ സമഭാജികളാണ്.

$\angle BPQ = 2x$, $\angle DPQ = 2y$, എന്നെടുത്താൽ AB, CD എന്നിവ സമാന്തരമായതിനാൽ

$2x + 2y = \square$

$2(x+y) =$ □

$x+ y =$ □

ആയതിനാൽ $\angle POQ =$ □°

അതായത് $\Delta POQ$ ഒരു മട്ടത്രികോണമായിരിക്കും.

## വർക്ക്ഷീറ്റ് - 8

ചിത്രത്തിൽ AP = 4സെ.മീ, CQ = 2.5സെ.മീ, BR = 7സെ.മീ. ത്രികോണങ്ങളുടെ മൂന്ന് വശങ്ങളുടേയും നീളങ്ങൾ കാണുക.

AQ = AP = □ സെ.മീ

CR = □ = 2.5 സെ.മീ

□ = BR = □ സെ.മീ

AB = BP + AP = □സെ.മീ

AC = AQ + QC = □സെ.മീ

BC = □ + □ = □ സെ.മീ




## വർക്ക്ഷീറ്റ് - 9

ചിത്രത്തിൽ O വൃത്തകേന്ദ്രമാണ്. ത്രികോണം ABCയുടെ വശങ്ങൾ വൃത്തത്തെ P.Q. R. എന്നീ ബിന്ദുക്കളിൽ തൊടുന്നു. $\angle B = 60°$ $\angle A = 50°$ ആയാൽ $\Delta PQR$ ന്റെ എല്ലാ കോണളവുകളും കണക്കാക്കുക.




ചിത്രത്തിൽ APOR, BQOP, CROQ ഇവ ചക്രീയചതുർഭുജങ്ങളാണ്.

$\angle POR =$ □ − □ = □

$\angle POQ =$ □ − □ = □

$\angle PQR =½\angle$ □ $=½×$ □ = □

$\angle PRQ = ½\angle$ □ $= ½×$ □ = □

$\angle QPR =$ □ − (□+ □) = □ − □= □

## വർക്ക്ഷീറ്റ് - 10

ചിത്രത്തിൽ $\Delta PQR$ ന്റെ പരിവൃത്തം വരച്ചിരിക്കുന്നു. P,Q,R എന്നീ ബിന്ദുക്കളിലെ തൊടുവരകൾ ചേർന്നുണ്ടാകുന്ന ത്രികോണമാണ് $\Delta ABC$. $\Delta ABC$ യുടെയും $\Delta PQR$ എല്ലാ കോണളവുകളും കണക്കാക്കുക.




$\Delta$APR , $\Delta$BPQ , $\Delta$CRQ എന്നിവ സമപാർശ്വത്രികോണങ്ങളാണ്. APR ൽ AP= ☐

$\angle$ARP = ☐

$\angle$A = 180° – ( ☐+ ☐) = 180° – ☐ = ☐

$\Delta$CRQ ൽ CR= ☐

$\angle$CQR = ☐

$\angle$C = 180° – ( ☐+ ☐) = 180° – ☐ = ☐

$\angle$B = 180 – ($\angle$A+$\angle$C) = 180° – ( ☐+ ☐) = 180° – ☐ = ☐

വൃത്തത്തിലെ ഒരു ഞാൺ അതിന്റെ അറ്റത്തുള്ള തൊടുവരയുമായി ഒരു വശത്ത് ഉണ്ടാക്കുന്ന കോൺ, മറുവശത്തുള്ള വൃത്തഭാഗത്ത് ഉണ്ടാക്കുന്ന കോണിനു തുല്യമാണ്.

$\angle$PQR = $\angle$☐ = ☐ $\angle$QPR = $\angle$☐ = ☐

$\angle$PRQ = 180° – ($\angle$☐+$\angle$☐) = 180° – ( ☐+ ☐) = 180° – ☐ = ☐

**വർക്ക്ഷീറ്റ് – 11**

ചിത്രത്തിൽ $\Delta$ABC യുടെ അന്തർവൃത്തം AB, BC, AC എന്നീ വശങ്ങളെ P, Q, R എന്നീ ബിന്ദുക്കളിൽ തൊടുന്നു. AP = 5സെ.മീ, BC= 15സെ.മീ ആയാൽ $\Delta$ABC യുടെ ചുറ്റളവ് കണക്കാക്കുക.




BQ = $x$ സെ.മീ CQ =☐സെ.മീ

ഒരു ബിന്ദുവിൽ നിന്നും വൃത്തത്തിലേക്ക് വരയ്ക്കുന്ന തൊടുവരകൾക്ക് ഒരേ നീളമാണ്.

AR = $\square$ = $\square$, BP = $\square$ = $\square$, CR = $\square$ = $\square$

$\Delta$ABC യുടെ ചുറ്റളവ് = $\square + \square + \square$

= $\square + \square + \square + \square + \square + \square$

= $\square$ സെ.മീ

**വർക്ക്ഷീറ്റ് - 12**

$\Delta$ABC യിൽ AB = AC. B യിലൂടെ കടന്നു പോകുന്ന വൃത്തം AB എന്ന വശത്തെ E ഖണ്ഡിക്കുന്നു. AC എന്ന വശത്തെ വൃത്തം AC യുടെ മധ്യബിന്ദുവായ Dയിൽ തൊടുന്നു. AB = 4AE എന്ന് തെളിയിക്കുക.

$AE \times AB = \square^2$

$AD = \dfrac{\square}{2}$ (AC യുടെ മധ്യബിന്ദുവാണ് D)




$AE \times AB = \left[\dfrac{\square}{2}\right]^2 = \left[\dfrac{\square}{2}\right]^2$ (AB = AC)

$= \left[\dfrac{\square}{4}\right]^2$

$AE = \dfrac{\square}{4}$

$\square = 4\,\square$

**വർക്ക്ഷീറ്റ് - 13**

ചതുർഭുജം ABCD യുടെ വശങ്ങൾ വൃത്തത്തെ P, Q, R, S എന്നീ ബിന്ദുക്കളിൽ തൊടുന്നു.

a) AB + CD = AD + BC എന്ന് തെളിയിക്കുക

b) If AB = 12സെ.മീ, CD = 8സെ.മീ AD = 14സെ.മീ ആയാൽ BC യുടെ നീളം കണക്കാക്കുക.




a) ഒരു ബിന്ദുവിൽ നിന്നും വൃത്തത്തിലേക്ക് വരയ്ക്കുന്ന തൊടുവരകൾക്ക് ഒരേ നീളമാണ്.

AP = $\square$, BP = $\square$, CR = $\square$, DR = $\square$

ചിത്രത്തിൽ നിന്നും AB + CD = $\square + \square + \square + \square$

= $\square + \square + \square + \square$

= AD + BC

b) BC = $\square + \square - \square = \square$

**വർക്ക്ഷീറ്റ് - 14**

12സെ.മീ, 16സെ.മീ, 20സെ.മീ വശങ്ങളുള്ള ത്രികോണത്തിന്റെ പരപ്പളവ് കണക്കാക്കുക. ഈ ത്രികോണത്തിന്റെ അന്തർവൃത്ത ആരം എത്ര?

$12^2+16^2 = \square + \square = \square = \square^2$

∴ ഈ ത്രികോണം ഒരു □ ത്രികോണമാണ്.

ത്രികോണത്തിന്റെ പരപ്പളവ് $= \frac{1}{2} \times \square \times \square = \square$

ത്രികോണത്തിന്റെ ചുറ്റളവ് $= \square + \square + \square = \square$

ചുറ്റളവിന്റെ പകുതി $= \frac{\square}{2}$ സെ.മീ = □ സെ.മീ

അന്തർവൃത്തം ആരം = $\frac{\text{ത്രികോണത്തിന്റെ പരപ്പളവ്}}{\text{ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതി}}$

$= \frac{\square}{\square} = \square$ സെ.മീ

## നിർമ്മിതികൾ

1. 3 സെ.മീ ആരമുള്ള ഒരു വൃത്തം വരച്ച് അതിൽ ഒരു ബിന്ദു അടയാളപ്പെടുത്തുക. ഈ ബിന്ദുവിലൂടെ തൊടുവര വരയ്ക്കുക.

**Step 1 :** 3 സെ.മീ ആരമുള്ള ഒരു വൃത്തം വരയയ്ക്കുക




**Step 2 :** OP എന്ന ആരത്തെ അല്പം പുറത്തേക്ക് നീട്ടുക.



**Step 3 :** P എന്ന ബിന്ദുവിലൂടെ OP ആരത്തിന് ലംബം വരയ്ക്കുക.




2. ആരം 2.5സെ.മീ ആയ ഒരു വൃത്തം വരയ്ക്കുക. വശങ്ങളെ ഈ വൃത്തത്തെ തൊടുന്നതും രണ്ട് കോണുകൾ 60°, 70° ആയ ത്രികോണം വരയ്ക്കുക.

**Step 1 :** ആരം 2.5 സെ.മീ ആയ ഒരു വൃത്തം വരയയ്ക്കുക.




**Step 2 :** 120°, 110° എന്നീ കോണുകൾ അടുത്തടുത്ത രണ്ട് ആരങ്ങൾക്കിടയിൽ വരയ്ക്കുക



**Step3 :** OP എന്ന ആരത്തിന് P എന്ന ബിന്ദുവിലൂടെ ലംബം വരയ്ക്കുക.




**Step 4 :** Q, R എന്നീ ബിന്ദുക്കളിൽ കൂടി OQ, OR ആരങ്ങൾക്ക് ലംബം വരയ്ക്കുക.




**Step 5 :** ലംബങ്ങൾ പരസ്പരം കൂട്ടുമുട്ടുന്ന ബിന്ദുക്കൾക്ക് A,B,C എന്നീ പേരുകൾ നൽകുക.



3. 3 സെ.മീ ആരമുള്ള ഒരു വൃത്തം വരച്ച്, വൃത്തകേന്ദ്രത്തിൽ നിന്നും 7 സെ.മീ അകലെ ഒരു ബിന്ദു അടയാളപ്പെടുത്തുക. ഈ ബിന്ദുവിൽ നിന്നും വൃത്തത്തിലേക്ക് തൊടുവരകൾ വരച്ച് നീളം അളന്നെഴുതുക.

**Step 1 :** 3സെ.മീ ആരമുള്ള ഒരു വൃത്തം വരയ്ക്കുക.




**Step 2 :** വൃത്തകേന്ദ്രത്തിൽ നിന്നും 7 സെ.മീ അകലെ ഒരു ബിന്ദു അടയാളപ്പെടുത്തുക.




**Step 3 :** OPഎന്ന വരയ്ക്ക് ലംബസമഭാജി വരയ്ക്കുക.




**Step 4 :** M കേന്ദ്രമായും OP വ്യാസമായും വരയ്ക്കുന്ന വൃത്തം ആദ്യവൃത്തത്തെ A, B എന്നീ ബിന്ദുക്കളിൽ ഖണ്ഡിക്കുന്നു.




**Step 5 :** P എന്ന ബിന്ദുവിൽ നിന്നും A യിലേയ്ക്കും B യിലേയ്ക്കും വരകൾ വരച്ച് PA , PB ഇവ അളന്നെഴുതുക.




PA = 6.3സെ.മീ, PB = 6.3സെ.മീ

4. AB = 8സെ.മീ, $\angle$A = 50°, $\angle$B = 70°ആയ ത്രികോണ ABC വരച്ച് അതിന്റെ അന്തർ വൃത്തം വരയ്ക്കുക. ആരം അളന്നെഴുതുക.

**Step 1 :** തന്നിട്ടുള്ള അളവുകൾ ഉപയോഗിച്ച്



**Step 2 :** $\angle$Aയുടെ സമഭാജി വരയ്ക്കുക.




**Step 3 :** $\angle$Bയുടെ സമഭാജി വരയ്ക്കുക.




**Step 4 :** $\angle$A യുടെയും $\angle$Bയുടെയും സമഭാജികൾ 'O' എന്ന ബിന്ദുവിൽ കൂട്ടിമുട്ടുന്നു. 'O' കേന്ദ്രമായും, 'O' ൽ നിന്നും ABയിലേയ്ക്കുള്ള അകലം ആരമായും ഒരു വൃത്തം വരയ്ക്കുക.




ആരം = 2.2 സെ.മീ

## കൂടുതൽ പ്രവർത്തനങ്ങൾ

1. 3.5 സെ.മീ ആരമായ ഒരു വൃത്തം വരച്ച്, അതിൽ ഒരു ബിന്ദു അടയാളപ്പെടുത്തുക. ഈ ബിന്ദുവിലൂടെ ഒരു തൊടുവര നിർമ്മിക്കുക.
2. ആരം 3 സെ.മീ ആയ ഒരു വൃത്തം വരച്ച്, കേന്ദ്രത്തിൽ നിന്ന് 6 സെന്റിമീർ അകലെ ഒരു ബിന്ദു അടയാള്ളപ്പെടുത്തുക. ഈ ബിന്ദുവിൽ നിന്ന് വൃത്തത്തിലേയ്ക്ക് തൊടുവരകൾ വരയ്ക്കുക. നീളം അളന്നെഴുതുക.
3. ഒരു ത്രികോണത്തിന്റെ രണ്ട് കോണുകൾ $50°$, $60°$ വീതമാണ്. അതിന്റെ അന്തർവൃത്തആരം 2 സെന്റിമീറ്ററുമാണ്. ത്രികോണം വരയ്ക്കുക.
4. 3 സെ.മീ ആരമുള്ള ഒരു വൃത്തത്തിന്റെ കേന്ദ്രത്തിൽ നിന്നും 8 സെ.മീ അകലെ Pഎന്ന ബിന്ദു അടയാളപ്പെടുത്തുക. P യിൽ നിന്നും വൃത്തത്തിലേക്കുള്ള തൊടുവരകൾ വരച്ച് നീളം അളന്നെഴുതുക.
5. ആരം 2.5 സെ.മീ ആയ ഒരു വൃത്തം വരയ്ക്കുക. വശങ്ങളെല്ലാം വൃത്തത്തെ തൊടുന്നതും കോണുകൾ $50°$, $70°$ ഉം ആയ ത്രികോണം വരയ്ക്കുക.

## ഉത്തരങ്ങൾ

**വർക്ക്ഷീറ്റ് - 1**

ABC ഒരു മട്ടത്രികോണമാണ്

AC = 5സെ.മീ

AB = 13സെ.മീ

BC = $\sqrt{13^2 - 5^2}$

= $\sqrt{169 - 25}$

= $\sqrt{144}$

= 12സെ.മീ

**വർക്ക്ഷീറ്റ് - 2**

OPB ഒരു മട്ടത്രികോണമാണ്

OP = 3cm

$\angle O = 60°$

$\angle P = 90°$

$\angle Q = 30°$

ത്രികോണത്തിലെ വശങ്ങളുടെ അംശബന്ധം = $1 : \sqrt{3} : 2$

അപ്പോൾ OQ = 6സെ.മീ

PQ = $3\sqrt{3}$ സെ.മീ

**വർക്ക്ഷീറ്റ് - 3**

$\angle ROQ = 130°$

$\angle ROP = 105°$

$\angle ROQ + RCQ = 180°$

$\therefore \angle C = 50°$

$\angle ROP + \angle RAP = 180°$

$\therefore \angle A = 75°$

$\angle POQ = 125°$

$\angle B = 55°$

**വർക്ക്ഷീറ്റ് - 4**

$\angle PAC = 50°$

$\angle PCA = 50°$

$\angle P = 180 - (50 + 50)$

$= 180 - 100 = 80°$

$\angle ABR = 60°$

$\angle BAR = 60°$

$\angle R = 180 - (60 + 60)$

$= 180 - 120 = 60°$

$\therefore \angle Q = 40°$

$\angle PAC = 50°$

$\angle RAB = 60°$

$\angle ACB = \angle ABR = 60°$

$\angle ABC = \angle PAC = 50°$

$\angle BAC = 180 - [60+50] = 70°$

**വർക്ക്ഷീറ്റ് - 5**

$\angle X = 60°$

$\angle Z = 70°$

$\angle Z = 180 - (65 + 70)$

$= 180 - 135 = 50°$

$\angle X = \angle XPR + \angle XRP = 180°$

$\angle XPR = \angle XRP$

$60° + \angle XPR + \angle XRP = 180°$

$\angle XPR + \angle XRP = 180° - 60° = 120°$

$\angle XPR = 60°$

$\angle XRP = 60°$

$\angle RYQ + \angle YRQ + \angle YQR = 180°$

$\angle YRQ = \angle YQR$

$70 + \angle YRQ + \angle YQR = 180$

$\angle YRQ + \angle YQR = 180 - 70 = 110°$

$\angle YRQ = \frac{110}{2} = 55°$

$\angle YQR = \frac{110}{2} = 55°$

$\angle RPQ = \angle YRQ = 55°$

$\angle PQR = \angle XRP = 60°$

$\angle PRQ = 180 - [55+60] = 65°$

**വർക്ക്ഷീറ്റ് - 6**

$OB \times AB = BC^2$

$1 \times 3 = BC^2$

$BC^2 = 3$

$BC = \sqrt{3}$

OB = 1സെ.മീ, BC = $\sqrt{3}$ സെ.മീ, AB = 3സെ.മീ

ത്രികോണം OBC യിലെ വശങ്ങളുടെ അംശബന്ധം 1: $\sqrt{3}$ : 2

അതുകൊണ്ട് $\angle O = 60°$

$\angle B = 90°$

$\angle C = 30°$

**വർക്ക്ഷീറ്റ് - 7**

AB, PQ, CD എന്നിവ വൃത്തത്തിന്റെ തൊടുവരകളാണ്. PO,QO എന്നിവ യഥാക്രമം $\angle BPQ$, $\angle DQP$ എന്നിവയുടെ സമഭാജികളാണ്.

$\angle BPQ = 2x$ , $\angle DPQ = 2y$, എന്നെടുത്താൽ, AB, CD യ്ക്ക് സമാന്തരമായതുകൊണ്ട്

$2x + 2y = 180°$

$2(x+y) = 180°$

$x + y = 90°$

ആയതിനാൽ, $\angle POQ = 90°$

അതായത് OPQ എന്നത് മട്ടത്രികോണമാണ്.

**വർക്ക്ഷീറ്റ് - 8**

AQ = AP = 4സെ.മീ

CR = CQ = 2.5സെ.മീ

BP = BR = 7സെ.മീ

AB = BP + AP = 11സെ.മീ

AC = AQ+QC = 6.5സെ.മീ

BC = BR + RC = 9.5സെ.മീ

**വർക്ക്ഷീറ്റ് - 9**

ചിത്രത്തിൽ APOR, BQOP, CROQ ഇവ ചക്രീയചതുർഭുജങ്ങളാണ്.

$\angle POR = 180° - 50° = 130°$

$\angle POQ = 180° - 60° = 120°$

$\angle PQR = ½ \angle POR = ½ × 130° = 65°$

$\angle PRQ = ½ \angle POQ = ½ × 120° = 60°$

$\angle QPR = 180° - (65° + 60°) = 130° - 125° = 55°$

**വർക്ക്ഷീറ്റ് - 10**

$\Delta APR$, $\Delta BPQ$ $\Delta CRQ$ സമപാർശ്വ ത്രികോണങ്ങളാണ്.

$\Delta APR$ - ൽ,

$\angle AP = AR$

$\angle ARP = 60°$

$\angle A = 180° - (60° + 60°) = 180° - 120° = 60°$

$\Delta CRQ$ - ൽ, CR = CQ

$\angle CQR = 50°$

$\angle C = 180° - (50°+50°) = 180° - 100° = 80°$

$\angle B = 180° - (\angle A+\angle C) = 180° - (60° + 80°)$ $180° - 140° = 40°$

$\angle PQR = \angle APR = 60°$
$\angle QPR = \angle CRQ = 50°$

വൃത്തത്തിലെ ഒരു ഞാൺ അതിന്റെ അറ്റത്തുള്ള തൊടുവരയുമായി ഒരു വശത്ത് ഉണ്ടാക്കുന്ന കോൺ, മറുവശത്തുള്ള വൃത്തഭാഗത്തുണ്ടാക്കുന്ന കോണിനു തുല്യമാണ്.

$\angle PRQ = 180° - (\angle PQR + \angle QPR) = 180° - (60° + 50°) = 180° - 110° = 70°$

**വർക്ക്ഷീറ്റ് - 11**

BQ = $x$ സെ.മീ, CQ = 15– $x$ സെ.മീ.

AP = AR = 5

BP = BQ = $x$

ഒരു ബിന്ദുവിൽ നിന്നും വൃത്തത്തിലേയ്ക്ക് വരയ്ക്കുന്ന തൊടുവരകൾക്ക് ഒരേ നീളമാണ്.

CR = CQ = 15 – $x$

ABC യുടെ ചുറ്റളവ് = AB + BC + AC

= AP + BP + BQ + CQ + CR + AR

$= 5 + x + x + 15 - x + 15 - x + 5$

$= 40$ സെ.മീ

**വർക്ക്ഷീറ്റ് - 12**

$AE \times AB = AD^2$

$AD = \frac{AC}{2}$ AC യുടെ മദ്ധ്യബിന്ദുവാണ് D

$AE \times AB = \left[\frac{AC}{2}\right]^2 = \left[\frac{AB}{2}\right]^2 = \frac{AB^2}{4}$ [AB = AC]

$AE = \frac{AB}{4}$

$AB = 4AE$

**വർക്ക്ഷീറ്റ് - 13**

ഒരു ബിന്ദുവിൽ നിന്നും വൃത്തത്തിലേയ്ക്ക് വരയ്ക്കുന്ന തൊടുവരകൾക്ക് ഒരേ നീളമാണ്.

a) AP = AS

BP = BQ

CR = CQ

DR = DS

ചിത്രത്തിൽ നിന്നും

AB + CD = AP + BP + CR + DR

= AS + BQ + CQ + DS

= AS + DS + BQ + CQ

= AD + BC

b) BC = AB + CD – AD = 12 + 8 – 14 = 20 – 14 = 6സെ.മീ

**വർക്ക്ഷീറ്റ് - 14**

$12^2 + 16^2 = 144 + 256 = 400 = 20^2$

$\therefore$ ഈ ത്രികോണം ഒരു മട്ടത്രികോണമാണ്

ത്രികോണത്തിന്റെ പരപ്പളവ് $\frac{1}{2} \times 12 \times 16 = 6 \times 16 = 96$ ച.സെ.മീ.

ത്രികോണത്തിന്റെ ചുറ്റളവ് = 12 + 16 + 20 = 48 സെ.മീ.

ത്രികോണത്തിന്റെ പകുതി = $\frac{1}{2} \times 48 = 24$ സെ.മീ.

അന്തർവൃത്തം ആരം = $\frac{\text{ത്രികോണത്തിന്റെ പരപ്പളവ്}}{\text{ത്രികോണത്തിന്റെ ചുറ്റളവിന്റെ പകുതി}}$

$= \frac{96}{24} = 4$ സെ.മീ.



യൂണിറ്റ് 8

# ഘനരൂപങ്ങൾ

$+ - \times \div$




## ഓർത്തിരിക്കാൻ....

**സമചതുരം**

- 'a' വശമുള്ള സമചതുരത്തിന്റെ ചുറ്റളവ്

ചുറ്റളവ് = 4a

പരപ്പളവ് = $a^2$

വികർണത്തിന്റെ നീളം

(d) = $\sqrt{2}\,a$




- സമചതുരത്തിന്റെ വികർണ്ണത്തിന്റെ നീളം d ആയാൽ ഒരു വശത്തിന്റെ നീളം $(a) = \dfrac{d}{\sqrt{2}}$

പരപ്പളവ് = $(a^2) = \dfrac{d^2}{2}$

**സമഭുജത്രികോണം**

- 'a' വശമുള്ള സമഭുജത്രികോണത്തിന്റെ

ചുറ്റളവ് = 3a

പരപ്പളവ് = $\dfrac{\sqrt{3}}{4} \times a^2$

ഉന്നതി (h) = $\dfrac{\sqrt{3}}{2} \times a$




**സമചതുരസ്തൂപിക**






“ഒരു സമചതുരവും നാല് സമപാർശ്വത്രികോണവും ചേർന്നരൂപം”

◆ പാശ്വവക്ക് (e), പാദവക്ക് (a), ചരിവുയരം ($l$) എന്നിവ തമ്മിലുള്ള ബന്ധം.




$$e^2 = l^2 + \left(\frac{a}{2}\right)^2$$

$$l = \sqrt{e^2 - \left(\frac{a}{2}\right)^2}$$




ചരിവുയരം ($l$), ഉയരം (h) പാദവക്ക് (a)എന്നിവ തമ്മിലുള്ള ബന്ധം

$$l^2 = h^2 + \left(\frac{a}{2}\right)^2$$

$$l = \sqrt{h^2 + \left(\frac{a}{2}\right)^2}$$

$$h = \sqrt{l^2 - \left(\frac{a}{2}\right)^2}$$

$$\frac{a}{2} = \sqrt{l^2 - h^2}$$

◆ ഉയരം(h), പാർശ്വവക്ക് (e), പാദവികർണ്ണം (d) എന്നിവ തമ്മിലുള്ള ബന്ധം




$$e^2 = h^2 + \left(\frac{d}{2}\right)^2$$

$$h = \sqrt{e^2 - \left(\frac{d}{2}\right)^2}$$

സമചതുരസ്തൂപികയുടെ പരപ്പളവും വ്യാപ്തവും

പാദപരപ്പളവ് = $a^2$

പാദചുറ്റളവ് = 4a

ഒരു പാർശ്വതല പരപ്പളവ് = $\frac{1}{2}al$

പാർശ്വതലപരപ്പളവ് = $4 \times \frac{1}{2}al = 2al$

ഉപരിതല പരപ്പളവ് = $a^2 + 2al$

വ്യാപ്തം = $\frac{1}{3} \times$ പാദപരപ്പളവ് × ഉയരം = $\frac{1}{3} \times a^2 h$

ഒരു സമചതുരസ്തൂപികയുടെ പാർശ്വവക്കും പാദവക്കും തുല്യം ആയാൽ പാർശ്വമുഖങ്ങൾ സമഭുജത്രികോണങ്ങൾ ആയിരിക്കും.

$\therefore$ e = a ആയാൽ $l = \frac{\sqrt{3}}{2} \times a$

$h = \frac{a}{\sqrt{2}}$

ഉപരിതലപരപ്പളവ് = $a^2 + \sqrt{3} \times a^2$

സമചതുരസ്തൂപികയുടെ ചില അളവുകൾ പട്ടികയായി കൊടുത്തിരിക്കുന്നു. പട്ടിക പൂർത്തിയാക്കുക.

**വർക്ക്ഷീറ്റ് 1**

| **പാദവക്കിന്റെ നീളം (a)** | **പാദവക്കിന്റെ നീളത്തിന്റെ പകുതി $\left(a/2\right)$** | **ഉയരം (h)** | **ചരിവുയരം ($l$)** |
|---|---|---|---|
| 12 | ______ | 8 | ______ |
| ______ | 3 | ______ | 5 |
| ______ | 12 | ______ | 13 |
| ______ | ______ | 15 | 17 |
| ______ | 15 | 20 | ______ |

**വർക്ക്ഷീറ്റ് 2**

| **പാദവികർണം (d)** | **പാദവികർണത്തിന്റെ പകുതി $\left(d/2\right)$** | **പാർശ്വവക്ക് (e)** | **ഉയരം ($h$)** |
|---|---|---|---|
| 24 | ______ | 13 | ______ |
| ______ | 9 | 41 | ______ |
| 22 | ______ | 61 | ______ |
| 16 | ______ | 17 | ______ |
| ______ | 12 | 15 | ______ |

**വർക്ക്ഷീറ്റ് 3**

| **പാദവിവക്കിന്റെ നീളം (a)** | **പാദവക്കിന്റെ നീളത്തിന്റെ പകുതി $\left(a/2\right)$** | **ചരിവുയരം ($l$)** | **പാർശ്വവക്ക് ($e$)** |
|---|---|---|---|
| 8 | ______ | ______ | 5 |
| ______ | 6 | ______ | 10 |
| ______ | ______ | ______ | 3 |
| 24 | ______ | ______ | 25 |
| 40 | 16 | ______ | 20 |

**വർക്ക്ഷീറ്റ് 4**

പാർശ്വവക്കും പാദവക്കും തുല്യമായ ഒരു സമചതുരസ്തൂപികയുടെ ഒരു വക്കിന്റെ നീളം 6 സെ. മീ ആയാൽ ചരിവുയരം, ഉയരം ഇവ കാണുക.

$a =$ ________ സെ.മീ.

$l = \frac{\sqrt{3}}{2} \times$ ______

$= \frac{\sqrt{3}}{2} \times$ ______

$=$ ____ $\sqrt{3}$ സെ.മീ.

$h = \frac{a}{\sqrt{2}}$

$= \frac{\text{—}}{\sqrt{2}}$

$=$ ____ $\sqrt{2}$ സെ.മീ.

**വർക്ക്ഷീറ്റ് 5**

ഒരു സമചതുരസ്തൂപികയുടെ പാദവക്കിന്റെ നീളം 12സെ.മീ ചരിവുയരം 15 സെ.മീ ആയാൽ പാർശ്വമുഖങ്ങളുടെ പരപ്പളവ്, ഉപരിതല പരപ്പളവ് എന്നിവ കാണുക.

a = ________ cm

$l$ = ________ cm

പാദപരപ്പളവ് ($a^2$) = ________

പാർശ്വതല പരപ്പളവ് = 2al = ________

ഉപരിതല പരപ്പളവ് = $a^2$ + 2al ________ + ________

= ________ $cm^2$

**വർക്ക്ഷീറ്റ് 6**

40സെ.മീ നീളവും 34 സെ.മീ വീതിയുമുള്ള ഒരു പേപ്പറിൽ നിന്നും ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ മധ്യഭാഗത്തിൽ നിന്നും ഒരു ഭാഗം വെട്ടി എടുക്കുന്നു. എങ്കിൽ വെട്ടി എടുത്ത ഭാഗം മടക്കി ഒട്ടിച്ചാൽ കിട്ടുന്ന ആകൃതിയുടെ പേര് എന്ത്? വെട്ടി എടുത്ത പേപ്പറിന്റെ പരപ്പളവ് എത്ര?

ഘനരൂപത്തിന്റെ പേര് = ........................

സമചതുരത്തിന്റെ പരപ്പളവ് = $a^2$

= ________$^2$ = ________ ച. സെ.മീ.

ത്രികോണത്തിന്റെ ഉയരം = $\sqrt{(\ )^2 - (\ )^2}$

= $\sqrt{\rule{2cm}{0.4pt}}$

= സെ.മീ.

ഒരു ത്രികോണത്തിന്റെ പരപ്പളവ് = $\frac{1}{2} \times b \times h$



$= \frac{1}{2} \times$ ____ $\times$ ____

= ______ ച. സെ.മീ.

വെട്ടിഎടുത്ത പേപ്പറിന്റെ പരപ്പളവ് = ചതുരത്തിന്റെ പരപ്പളവ് + 4 ത്രികോണത്തിന്റെ പരപ്പളവ്

= ______ + 4 × ______

= ______ + ______ = ______ ച. സെ.മീ.

**വർക്ക്ഷീറ്റ് 7**

ഒരു സമചതുരസ്തൂപികാകൃതിയിലുള്ള ഒരു പാത്രത്തിന്റെ പാദവക്കിന്റെ നീളം 10 സെ.മീ ഉയരം 30 സെ.മീ ആയാൽ ഈ പാത്രത്തിൽ എത്ര ലിറ്റർ വെള്ളം കൊള്ളും. ഇതേ പാദപരപ്പളവും ഉയരവും ഉള്ള സമചതുരസ്താംഭാകൃതിയിലുള്ള പാത്രത്തിൽ എത്ര ലിറ്റർ വെള്ളം കൊള്ളും?

a = ________ സെ.മീ.

h = ________ സെ.മീ.

$v = \frac{1}{3} a^2h$

= ________ × ________

= ________ ച. സെ.മീ.

സമചതുരാകൃതിലുള്ള പാത്രിൽ കൊള്ളുന്ന വെള്ളം = $\frac{V}{1000}$ ലിറ്റർ

= ..................... ലിറ്റർ

സമചതുരസ്തൂപികയുടെ വ്യാപ്തം = ________ × സമചതുരസ്തംഭത്തിന്റെ വ്യാപ്തം

സമചതുരസ്തംഭത്തിൽ കൊള്ളുന്ന വെള്ളത്തിന്റെ അളവ് = ________ × സമചതുരസ്തൂപിക കൃതിലുള്ള പാത്രത്തിന്റെ അളവ്

= ________ × ________

= ..................... ലിറ്റർ

**വൃത്തസ്തൂപിക**



**വൃത്തം**

R ആരമുള്ള വൃത്തത്തിന്റെ പരപ്പളവ് = $\pi R^2$

സിലിണ്ടറിന്റെ വ്യാപ്തം = $\pi r^2 h$

വൃത്തത്തിന്റെ ചുറ്റളവ് (വൃത്ത പരിധി) = $2\pi R$

**സെക്ടർ (വൃത്താംശം)**

AB എന്ന ചാപത്തിന്റെ നീളം = $\frac{x}{360} \times 2\pi R$

വൃത്താംശത്തിന്റെ പരപ്പളവ് = $\frac{x}{360} \times \pi R^2$

വൃത്താംശത്തെ വളച്ച് വൃത്തസ്തൂപിക ആക്കുമ്പോൾ

h r‾ mwi ‾ ns â B cw (R) = വൃത്തസ്തൂപികയുടെ ചരിവുയരം ($l$)

വൃത്താംശത്തിന്റെ പരപ്പളവ് = വൃത്തസ്തൂപികയുടെ വക്രതല പരപ്പളവ്

$$\frac{x}{360} = \frac{r}{R} \text{ OR } \frac{x}{360} = \frac{r}{l}$$

വൃത്തസ്തൂപികയുടെ ഉയരം ($h$), ചരിവുയരം ($l$), ആരം ($r$) എന്നിവ തമ്മിലുള്ള ബന്ധം

**പരപ്പളവും വ്യാപ്തവും**

പാദപരപ്പളവ് = $\pi r^2$

പാദചുറ്റളവ് = $2\pi r$

വക്രതലപരപ്പളവ് = $\pi rl$

ഉപരിതല പരപ്പളവ് = $\pi r^2 + \pi rl$

വ്യാപ്തം = $\frac{1}{3} \pi r^2 h$

$$l^2 = h^2 + r^2$$

$$l = \sqrt{h^2 + r^2}$$

$$h = \sqrt{l^2 - r^2}$$

$$r = \sqrt{l^2 - h^2}$$



## വർക്ക്ഷീറ്റ് 8

**പട്ടിക പൂർത്തിയാക്കുക.**

| പാദവ്യാസം (d) | പാദആരം (r) | ഉയരം (h) | ചരിവുയരം ($l$) |
|---|---|---|---|
| ____ | 3 | 4 | ____ |
| ____ | ____ | 8 | 10 |
| 40 | ____ | 15 | ____ |
| ____ | 12 | 9 | ____ |
| ____ | 8 | ____ | 17 |
| ____ | 30 | 40 | ____ |

## വർക്ക്ഷീറ്റ് 9

24 സെ.മീ ആരമുള്ള ഒരു വൃത്തത്തിൽ നിന്നും 60° കേന്ദ്രകോണിൽ വൃത്താംശം വെട്ടി എടുത്ത് വൃത്ത സ്തൂപിക ഉണ്ടാക്കിയാൽ താഴെ പറയുന്നവ കാണുക.




1) വൃത്തസ്തൂപികയുടെ ചരിവുയരം ($l$) ________

2) വൃത്തസ്തൂപികയുടെ ആരം ($r$) ________

$l = R = 24cm$

$\frac{x}{360} = \frac{r}{R}$

$\frac{__}{360} = \frac{r}{__}$

$r$ = _____ × _____

$r$ = _____




## വർക്ക്ഷീറ്റ് 10

ഒരു വൃത്തസ്തൂപികയുടെ പാദത്തിന്റെ ആരം 20 സെ.മീ. ഉയരം 15 സെ.മീ ആയാൽ വ്യാപ്തം എത്ര?

$r$ = 20cm

$h$ = 15cm

$V = \frac{1}{3}\pi r^2 h$

$= \frac{1}{3} \times \pi \times$ _____ $\times$ _____

= ______ $\pi$ ഘ. സെ.മീ

**വർക്ക്ഷീറ്റ് 11**




ഒരു വൃത്താംശം വളച്ച് വൃത്തസ്തൂപിക ആക്കിയപ്പോൾ

അതിന്റെ ചരിവുയരം 24 സെ.മീ ഉം പാദ ആരം
12 സെ.മീ ഉം ആയാൽ വൃത്താംശത്തിന്റെ ആരം എത്ര?

വൃത്താംശത്തിന്റെ കേന്ദ്രകോൺ എത്ര?

വൃത്താംശത്തിന്റെ പരപ്പളവ് എത്ര?

(v) വൃത്താംശത്തിന്റെ ആരം (R) = വൃത്തസ്തൂപികയുടെ ......................

$\frac{x}{360} = \frac{r}{R}$

$\frac{x}{360} = \frac{____}{____}$

$\therefore \quad x = \frac{360}{.......}$ = ________

വൃത്താംശത്തിന്റെ പരപ്പളവ് = വൃത്തസ്തൂപികയുടെ വക്രതല പരപ്പരളവ്

$= \pi r l$

$= \pi \times$ _____ $\times$ _____

= _____ച. സെ.മീ

**വർക്ക്ഷീറ്റ് 12**

കട്ടിയായ ഒരു വൃത്തസ്തംഭത്തിന്റെ വ്യാസം 20 സെ.മീ ഉയരം 30 സെ.മീ ആണ്. ഇതിന്റെ വ്യാപ്തം എത്ര? ഇതിൽ നിന്നും പരമാവധി വലിപ്പമുള്ള ഒരു വൃത്തസ്തൂപിക വെട്ടി എടുത്താൽ വൃത്തസ്തൂപികയുടെ വ്യാപ്തം എത്ര? ശേഷിക്കുന്ന ഭാഗത്തിന്റെ പരപ്പളവ് എത്ര? വൃത്തസ്തംഭത്തിന്റെയും വൃത്തസ്തൂപികയുടെയും വ്യാപ്തത്തിന്റെ അംശബന്ധം എത്ര?

<u>വൃത്തസ്തംഭം</u>

$r$ = 10cm, h = 30cm

സിലിണ്ടറിന്റെ വ്യാപ്തം = $\pi r^2 h$

$= \pi \times$ _____ $\times$ _____

= ______ $\pi$ ഘ. സെ.മീ.

വൃത്തസ്തൂപികയുടെ വ്യാപ്തം = _____ $\times$ സിലിണ്ടറിന്റെ വ്യാപ്തം

= ________ $\times$ ________

= ________ഘ. സെ.മീ

ശേഷിക്കുന്ന ഭാഗത്തിന്റെ വ്യാപ്തം = ________ $\pi$ = ________ $\pi$ = ________ $\pi$ ഘ. സെ.മീ

സിലിണ്ടറിന്റെ വ്യാപ്തവും വൃത്തസ്തൂപികയുടെ വ്യാപ്തവും = ________ $\pi$ ഘ. സെ.മീ

തമ്മിലുള്ള അംശബന്ധം = ________ : ________

**വർക്ക്ഷീറ്റ് 13**

ഇരുമ്പ് കൊണ്ടുള്ള ഒരു വൃത്തസ്തംഭത്തിന്റെ ഉയരം 24 സെ.മീ, പാദആരം 12 സെ.മീ ആണ് ഇതിനെ ഉരുക്കി 6 സെ.മീ ആരവും 18 സെ.മീ ഉയരമുള്ള എത്ര സ്തൂപികകൾ ഉണ്ടാക്കാം.

**സിലിണ്ടർ**




$r$ = 12cm, h = 24 സെ.മീ

V = $\pi r^2 h$

= $\pi \times$ ____$^2 \times$ ____

= $\pi \times$ ____ $\times$ ____ $\times$ ____

**വൃത്തസ്തൂപിക**

$r$ = 6 സെ.മീ, h = 18 സെ.മീ.

$$v = \frac{1}{3}\pi r^2 h$$

= $\frac{1}{3} \times \pi \times$ ____ $\times$ ____

= $\frac{1}{3} \times \pi \times$ ____ $\times$ ____ $\times$ ____

= $\pi \times$ ____ $\times$ ____ $\times$ ____

വൃത്തസ്തൂപികകളുടെ എണ്ണം = $\dfrac{\text{സിലിണ്ടറിന്റെ വ്യാപ്തം}}{\text{വൃത്തസ്തൂപികയുടെ വ്യാപ്തം}}$

= $\dfrac{\pi \times ____ \times ____ \times ____}{\pi \times ____ \times ____ \times ____}$

= ____________

**വർക്ക്ഷീറ്റ് 14**

ചുവടെ കൊടുക്കുന്ന പട്ടിക പൂരിപ്പിക്കുക.

| Sl. No | ചരിവുയരം $l$ | ഉയരം $h$ | ആരം r | വക്രമുഖ പരപ്പളവ് | ഉപരിതല പരപ്പളവ് | വ്യാപ്തം |
|---|---|---|---|---|---|---|
| 1 | 5 | __ | 3 | ______ | ______ | ______ |
| 2 | 15 | 9 | __ | ______ | ______ | ______ |
| 3 | __ | 16 | 12 | ______ | ______ | ______ |
| 4 | 25 | __ | 20 | ______ | ______ | ______ |
| 5 | __ | 24a | 18a | ______ | ______ | ______ |

**വർക്ക്ഷീറ്റ് 15**

ഒരു വൃത്തസ്തൂപികയുടെ ഉയരം 16 സെ.മീ ഉം ചരിവുയരം 20 സെ.മീ ആണ്. ചുവടെ കൊടുക്കുന്നവ കണക്കാക്കുക.

a) പാദപരപ്പളവ്

b) വക്രതലപരപ്പളവ്

c) ഉപരിതലപരപ്പളവ്

d) വ്യാപ്തം

a) ഉയരം (h) = ______

ചരിവുയരം ($l$) = ______

ആരം (r) = $\sqrt{l^2 - h^2}$

= ______ = ______

പാദപരപ്പളവ് = $\pi r^2$

= $\pi \times$ _____ $\times$ _____

= ______

b) വക്രതലപരപ്പളവ് =

c) ഉപരിതലപരപ്പളവ് = പാദപരപ്പളവ് + വക്രതലപരപ്പളവ്

= ______ + ______ = ______

d) വ്യാപ്തം = $\frac{1}{3}\pi r^2 h$

= ______ = ______

**വർക്ക്ഷീറ്റ് 16**

12 സെ.മീ ആരമുള്ള ഒരു വൃത്തത്തിൽ നിന്നും വെട്ടിയെടുത്ത $60^\circ$ കേന്ദ്രകോണുള്ള വൃത്താംശം വളച്ച് ഒരു വൃത്തസ്തൂപിക ഉണ്ടാക്കുന്നു. ചുവടെ കൊടുക്കുന്നവ കണക്കാക്കുക.

a) ചരിവുയരം

b) വൃത്തസ്തൂപികയുടെ ആരം

c) വക്രതലപരപ്പളവ്

a) ചരിവുയരം (I) = വൃത്താംശത്തിന്റെ ആരം = ______

b) $x = 60^\circ$

$$\frac{r}{I} = \frac{x}{360}$$

$$\frac{r}{12} = \frac{60}{360}$$

r × ______ = ______ ×______

r = ______ സെ.മീ.

c) വക്രതലപരപ്പളവ് = $\pi rl$ = ______ ×______×______ = ______ ച.സെ.മീ.

**വർക്ക്ഷീറ്റ് 17**

പാദത്തിന്റെ ആരം 10 സെ.മീ ഉം ചരിവുയരം 25 സെ.മീ ഉം ആയ വൃത്തസ്തൂപിക നിർമ്മിക്കാൻ ഉപയോഗിക്കുന്ന വൃത്താംശത്തിന്റെ കേന്ദ്രകോൺ എത്ര?

ചരിവുയരം ($l$) = ______

പാദആരം (r) = ______

കേന്ദ്രകോൺ $= x$

$$\frac{r}{I} = \frac{x}{360}$$

$$\frac{______}{______} = \frac{x}{360}$$

$x$ = ______

**വർക്ക്ഷീറ്റ് 18**

ഒരു വൃത്താംശം വളച്ച് പാദആരം 15 സെ.മീ ഉം ചരിവുയരം 25 സെ.മീ ഉം ആയ വൃത്തസ്തൂപിക ഉണ്ടാക്കുന്നു. ചുവടെ കൊടുക്കുന്നവ കണക്കാക്കുക.

a) വൃത്താംശത്തിന്റെ ആരം

b) വൃത്താംശത്തിന്റെ കേന്ദ്രകോൺ

c) വൃത്തസ്തൂപികയുടെ വ്യാപ്തം

a) വൃത്താംശത്തിന്റെ ആരം = വൃത്തസ്തൂപികയുടെ ചരിവുയരം = ______

$l$ = ______

b) വൃത്താംശത്തിന്റെ കേന്ദ്രകോൺ = x എന്നിരിക്കട്ടെ

$$\frac{r}{l} = \frac{x}{360}$$

$x \times$ ______ = ______ $\times$ ______

c) വൃത്തസ്തൂപികയുടെ ഉയരം = h ആയാൽ

$h = \sqrt{l^2 - r^2}$

= ________

= ________

വ്യാപ്തം = $\frac{1}{3}\pi r^2 h$

= ________

## ഗോളം

ഒരു ഗോളത്തെ കൃത്യം പകുതിയായി മുറിച്ചാൽ ഉണ്ടാകുന്ന വൃത്തത്തിന്റെ കേന്ദ്രവും ആരവും വ്യാസവുമൊക്കെയാണ് ഗോളത്തിന്റെയും കേന്ദ്രവും ആരവും വ്യാസവും. ഗോളത്തിന് ഒരു മുഖം മാത്രമേ ഉള്ളൂ.

ആരമായ ഒരു ഗോളത്തിന്റെ ഉപരിതല പരപ്പളവ് = $4\pi r^2$

വ്യാപ്തം = $\frac{4}{3}\pi r^3$

**അർധഗോളം**

ഒരു ഗോളത്തെ 2 സമഭാഗങ്ങളായി മുറിച്ചു കിട്ടുന്ന രൂപങ്ങളെയാണ് അർധഗോളങ്ങൾ എന്നു പറയുന്നത്. ഒരു അർധഗോളത്തിന് രണ്ട് മുഖങ്ങൾ ഉണ്ട്. ഒരു പരന്നമുഖവും ഒരു വക്രമുഖവും. '$r$' ആരമായ ഒരു അർധഗോളത്തിന്റെ ഉപരിതല പരപ്പളവ് = $3\pi r^2$

വ്യാപ്തം = $\frac{2}{3}\pi r^3$

**വർക്ക് ഷീറ്റ് - 19**

ചിത്രത്തിൽ തന്നിരിക്കുന്ന ഗോളത്തിന്റെ ആരം 9 സെ.മീ ആയാൽ

a) ഉപരിതല പരപ്പളവ് കാണുക

b) വ്യാപ്തം കാണുക

ആരം = r = $\square$

ഉപരിതലപരപ്പളവ് = $4\pi \times r^3 = 4\pi \times \square$

= $\square$ ച.സെ.മീ

വ്യാപ്തം = $\frac{4}{3}\pi \times r^2 = \frac{4}{3}\pi \times \square$

= ഘന.സെ.മീ

**വർക്ക് ഷീറ്റ് 20**

12 സെ.മീ ആരമുള്ള ഒരു അർധഗോളത്തിന്റെ ഉപരിതലപരപ്പളവും വ്യാപ്തവും കാണുക.

അർധഗോളത്തിന്റെ ആരം r = $\square$

ഉപരിതല പരപ്പളവ് = $3\pi \times r^2$

= $3\pi \times \square$

= $\square$

വ്യാപ്തം = $\frac{2}{3}\pi \times r^2$

= $\frac{2}{3}\pi \times \square$

= $\square$ ഘന.സെ.മീ

**വർക്ക് ഷീറ്റ് 21**

കട്ടിയായ ഒരു ഗോളത്തിന്റെ ഉപരിതല പരപ്പളവ് 120 ച.സെ.മീ. അത് മുറിച്ച് രണ്ട് അർധഗോളങ്ങളാക്കിയാൽ ഓരോന്നിന്റെയും ഉപരിതല പരപ്പളവ് എന്തായിരിക്കും?

ഗോളത്തിന്റെ ഉപരിതല പരപ്പളവ് = $\square$

$4\pi r^2 = \square$

$\pi r^2 = \square$ ച.സെ.മീ

അർധഗോളത്തിന്റെ ഉപരിതല പരപ്പളവ് = $3\pi r^2$

= $3\square$

= $\square$ച.സെ.മീ

**വർക്ക് ഷീറ്റ് 22**

വക്കുകളുടെയെല്ലാം നീളം 8 സെ.മീ ആയ ഒരു സമചതുരക്കട്ടയിൽ നിന്നും ചെത്തിയെടുക്കാവുന്ന ഏറ്റവും വലിയ ഗോളത്തിന്റെ ഉപരിതല പരപ്പളവ് എത്രയാണ്?

ഗോളത്തിന്റെ വ്യാസം = സമചതുരക്കട്ടയുടെ ഒരു വക്കിന്റെ നീളം = $\square$ സെ.മീ

ഗോളത്തിന്റെ ആരം r = $\square$ = സെ.മീ

ഗോളത്തിന്റെ ഉപരിതലപരപ്പളവ് $= 4\pi r^2$

$= 4\pi \times \square$

$= \square = \square$ ച.സെ.മീ

**വർക്ക് ഷീറ്റ് 23**

രണ്ട് ഗോളങ്ങളുടെ ആരങ്ങൾ തമ്മിലുള്ള അംശബന്ധം 2 :3 ആണെങ്കിൽ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര?

ആരങ്ങൾ തമ്മിലുള്ള അംശബന്ധം = $\square$

ഒന്നാമത്തെ ഗോളത്തിന്റെ ആരം = 2r ആയാൽ

രണ്ടാമത്തെ ഗോളത്തിന്റെ ആരം = $\square$

ഒന്നാമത്തെ ഗോളത്തിന്റെ വ്യാപ്തം = $\frac{4}{3}\pi \times (2r)^3$

രണ്ടാമത്തെ ഗോളത്തിന്റെ വ്യാപ്തം = $\frac{4}{3}\pi \square$

വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം = $\frac{4}{3}\pi\ (2r)^3 : \frac{4}{3}\pi\ (3r)^3$

$= (2r)^3 : (3r)^3$

$= 8r^3 : 27r^3$

$= \square : \square$

**വർക്ക് ഷീറ്റ് 24**

ലോഹം കൊണ്ടുണ്ടാക്കിയ ഒരു വൃത്തസ്തംഭത്തിന്റെ നീളം 10 സെ.മീ ഉം ആരം 4 സെ.മീ ഉം ആണ്. ഇത് ഉരുക്കി 2 സെ.മീ ആരമുള്ള എത്ര ഗോളങ്ങളുണ്ടാക്കാം.

**വൃത്തസ്തംഭം**

ആരം = r = $\square$ സെ.മീ

ഉയരം = h = $\square$ സെ.മീ

വ്യാപ്തം = $\pi r^2 h$

$= \pi \times \square \times \square$

$= \pi \times \square$ ഘന.സെ.മീ

**ഗോളം**

ആരം = r = $\square$ സെ.മീ

ഒരു ഗോളത്തിന്റെ വ്യാപ്തം = $\frac{4}{3}\pi r^3$

$= \frac{4}{3}\pi \times \square$

$= \frac{4}{3}\pi \times \square$

$= \square$ ഘന.സെ.മീ

ഗോളങ്ങളുടെ എണ്ണം = $\frac{\text{വൃത്തസ്തംഭത്തിന്റെ വ്യാപ്തം}}{\text{ഒരു ഗോളത്തിന്റെ വ്യാപ്തം}} = \frac{\square}{\square} = \square$

**വർക്ക് ഷീറ്റ് 25**

ഒരു പെട്രോൾ ടാങ്കിന്റെ ചിത്രമാണ് ചുവടെ കൊടുത്തിരിക്കുന്നത്. ഇതിൽ എത്ര ലിറ്റർ പെട്രോൾ കൊള്ളും?




ഒരു വൃത്തസ്തംഭവും രണ്ട് അർധഗോളങ്ങളും ചേർന്ന രൂപമാണിത്.

**അർധഗോളം**

ആരം = r = 1 മീറ്റർ

വ്യാപ്തം = $\frac{2}{3}\pi r^2 = \frac{2}{3} \times \pi \times \square$

$= \frac{2}{3}\pi$ ഘന. മീ

**വൃത്തസ്തംഭം**

ആരം = r = 1 മീറ്റർ

ഉയരം = h = 6 ___ (1 +1)

= 6 ___ $\square$

= $\square$ മീറ്റർ

വ്യാപ്തം = $\pi r^2 h$

$= \pi \times \square \times \square$

= $\square$ ഘന.മീറ്റർ

പെട്രോൾ ടാങ്കിന്റെ വ്യാപ്തം

= 2 അർധഗോളത്തിന്റെ വ്യാപ്തം + വൃത്തം സ്തംഭത്തിന്റെ വ്യാപ്തം

$= 2 \times \square + \square$

$= \frac{4}{3}\pi + 4\pi$

$= \frac{4}{3}\pi + 4\pi$

$= \frac{4}{3}\pi + \frac{12\pi}{3}$

$= \square$ ഘന.മീറ്റർ

$= \frac{16\pi}{3} \times 1000$ ലിറ്റർ

$= \square$ ലിറ്റർ

**വർക്ക് ഷീറ്റ് 26**




ഒരു ബോയ്‌ലറിന്റെ ആകൃതി ചിത്രത്തിലേത് പോലെ ഒരു വൃത്തസ്തംഭത്തിന്റെ അഗ്രങ്ങളിൽ വൃത്തസ്തൂപികയും അർധഗോളവും ഘടിപ്പിച്ചതാണ്. ആകെ ഉയരം 12 സെ.മീ, വ്യാസം 6 മീറ്റർ. വൃത്തസ്തംഭത്തിന്റെ മാത്രം ഉയരം 6 മീറ്റർ ആണ്.

a) സ്തൂപികയുടെ ഉയരം എത്രയാണ്?

b) ബോയ്‌ലറിന്റെ ഉള്ളളവ് എത്ര ലിറ്റർ ആണ്?

a) വൃത്തസ്തുപികയുടെ ഉയരം = 12 – (6+ 3)

$= 12 - \square$

$= \square$ മീറ്റർ

b) ഒരു വൃത്തസ്തംഭവും ഒരു വൃത്തസ്തൂപികയും ഒരു അർധഗോളവും ചേർന്ന രൂപമാണിത്.

**വൃത്ത സ്തൂപിക**

ആരം = r = $\square$ മീറ്റർ

ഉയരം = h = $\square$ മീറ്റർ

വ്യാപ്തം $= \frac{1}{3}\pi r^2 h$

$= \frac{1}{3}\pi \times \square \times \square$

$= \frac{1}{3}\pi \times \square$

$= 9\pi$ ഘന.മീറ്റർ

**വൃത്തസ്തംഭം**

ആരം = r = ☐ മീറ്റർ

ഉയരം = h = ☐ മീറ്റർ

വ്യാപ്തം = $\pi r^2 h$

$= \pi \times ☐ \times ☐$

$= 54\ \pi$ ഘന.മീറ്റർ

**അർധഗോളം**

ആരം = r = ☐ മീറ്റർ

വ്യാപ്തം = $\frac{2}{3}\pi r^3$

$= \frac{2}{3}\pi \times ☐$

= ☐ ഘന.മീറ്റർ

ബോയിലിന്റെ ആകെ വ്യാപ്തം = വൃത്ത സ്തൂപികയുടെ വ്യാപ്തം + വൃത്തസ്തംഭത്തിന്റെ വ്യാപ്തം + അർധഗോളത്തിന്റെ വ്യാപ്തം

$= 9\pi + 54\pi + 18\pi$

= ☐ ഘന.മീറ്റർ

= $81 \times 1000$ ലിറ്റർ = ☐ ലിറ്റർ

## ഉത്തരങ്ങൾ

### സമചതുരസ്തൂപിക

**വർക്ക്ഷീറ്റ് 1**

പട്ടിക പൂർത്തിയാക്കുക.

I

| പാദവക്കിന്റെ നീളം (a) | പാദവക്കിന്റെ നീളത്തിന്റെ പകുതി $\left(\frac{a}{2}\right)$ | ഉയരം (h) | ചരിവുയരം (*l*) |
|---|---|---|---|
| 12 | 6 | 8 | 10 |
| 6 | 3 | 4 | 5 |
| 24 | 12 | 5 | 13 |
| 16 | 8 | 15 | 17 |
| 30 | 15 | 20 | 25 |

**വർക്ക്ഷീറ്റ് 2**

| പാദവികർണം (d) | പാദവികർണത്തിന്റെ പകുതി $\left(\frac{d}{2}\right)$ | പാർശ്വവക്ക് (e) | ചരിവുയരം ($l$) |
|---|---|---|---|
| 24 | 12 | 13 | 15 |
| 18 | 9 | 41 | 40 |
| 22 | 11 | 61 | 60 |
| 16 | 8 | 17 | 15 |
| 24 | 12 | 15 | 9 |

**വർക്ക്ഷീറ്റ് 3**

| പാദവിവക്കിന്റെ നീളം (a) | പാദവക്കിന്റെ നീളത്തിന്റെ പകുതി $\left(\frac{a}{2}\right)$ | ചരിവുയരം ($l$) | പാർശ്വവക്ക് ($e$) |
|---|---|---|---|
| 8 | 4 | 3 | 5 |
| 12 | 6 | 8 | 10 |
| 24 | 12 | 5 | 13 |
| 40 | 20 | 15 | 25 |
| 32 | 16 | 12 | 20 |

**വർക്ക്ഷീറ്റ് 4**

a = 6 സെ.മീ.

$$l = \frac{\sqrt{3}}{2} \times a \qquad h = \frac{a}{\sqrt{2}}$$

$$= \frac{\sqrt{3}}{2} \times 6 \qquad = \frac{6}{\sqrt{2}}$$

$$= 3\sqrt{3} \qquad = 3\sqrt{2}$$ സെ.മീ.

**വർക്ക്ഷീറ്റ് 5**

a = 12 സെ.മീ.

$l$ = 15 സെ.മീ.

പാദപരപ്പളവ് ($a^2$) = $12^2$ = 144 ച.സെ.മീ.

പാർശ്വതല പരപ്പളവ് = 2al = 2×12×15= 360 ച.സെ.മീ.

ഉപരിതല പരപ്പളവ് = $a^2 + 2al$ = 144+ 360 = 504 ച.സെ.മീ.

**വർക്ക്ഷീറ്റ് 6**

ഘനരൂപത്തിന്റെ പേര് = സമചതുരസ്തൂപിക

സമചതുരത്തിന്റെ പരപ്പളവ് = $a^2$

$= 10^2 = 100$ ച.സെ.മീ.

ത്രികോണത്തിന്റെ ഉയരം $= \sqrt{13^2 - 5^2}$

$= \sqrt{169 - 25}$

$= \sqrt{144} = 12$ സെ.മീ.

ഒരു ത്രികോണത്തിന്റെ പരപ്പളവ് $= \frac{1}{2} \times 10 \times 12$

$= 5 \times 12 = 60$ ച.സെ.മീ.

വെട്ടിയെടുത്ത പേപ്പറിന്റെ പരപ്പളവ് $= 100 + 4 \times 60$

$= 100 + 240 = 340$ ച.സെ.മീ.

**വർക്ക്ഷീറ്റ് 7**

a = 10 സെ.മീ.

h = 30 സെ.മീ.

$v = \frac{1}{3} a^2 h = \frac{1}{3} \times 100 \times 30$

$= 100 \times 10$

$= 1000$ ഘന.സെ.മീ.

സമചതുരാകൃതിലുള്ള പാത്രിൽ കൊള്ളുന്ന വെള്ളം $= \frac{1000}{1000}$ ലിറ്റർ

= 1 ലിറ്റർ

സമചതുരസ്തൂപികയുടെ വ്യാപ്തം $= 3 \times 1000 = 3000$ ഘന.സെ.മീ.

സമചതുരസ്തൂപികാകൃതിലുള്ള പാത്രത്തിന്റെ ഉള്ളളവ് $= 3 \times 1 = 3$ ലിറ്റർ

**വർക്ക്ഷീറ്റ് 8**

